## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 3737 — 17/10/2011 - ൽ മറുപടിക്ക്.

## ദേശീയ ജലപാത നിർമ്മാണം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.പി.സി.ജോർജ്<br>ശ്രീ.റോഷി അഗസ്റ്റിൻ<br>ശ്രീ.തോമസ് ഉണ്ണിയാടൻ | | ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) ദേശീയ ജലപാതയുടെ സുഗമമായ നിർമ്മാണ പ്രവൃത്തികൾക്ക് തടസ്സമായി നിൽക്കുന്ന ഘടകങ്ങൾ എന്തെല്ലാമാണ് ; ഫണ്ടിന്റെ അഭാവം ഉണ്ടോ ; വിശദാംശങ്ങൾ നൽകുമോ ; | : | (എ) കുഴിച്ചെടുക്കപ്പെടുന്ന മണ്ണിനുവേണ്ടിയുള്ള പ്രദേശിക വാസികളുടെ തർക്കങ്ങൾ കാരണവും മത്സ്യത്തൊഴിലാളികൾ വിരിച്ചിരിക്കുന്ന വലകൾ മാറ്റുന്നതിനുള്ള വിസമ്മതം മുഖേനയും ദേശീയ ജലപാതയുടെ നിർമ്മാണ പ്രവൃത്തികൾക്ക് തടസ്സം നേരിടുന്നുണ്ട്. എന്നാൽ ഫണ്ടിന്റെ അഭാവം ഉണ്ടായിട്ടില്ല. |
| (ബി) പ്രസ്തുത ജലപാതയുടെ നിർമ്മാണ പ്രവൃത്തികൾക്ക് പ്രാദേശികമായ എതിർപ്പു കൾ എന്നാണ് ഉടലെടുത്തത് ; എതിർപ്പുകൾക്ക് പരിഹാരം കാണാൻ സാധിച്ചുവോ ; ആയതിന് ആരെയാണ് ചുമതലപ്പെടുത്തിയത് ; | : | (ബി) നിർമ്മാണ പ്രവൃത്തികൾ തുടങ്ങിയ കാലം മുതൽ പ്രാദേശികമായ എതിർപ്പുകൾ ഉടലെടുത്തിട്ടുണ്ട്. ജില്ലാ കളക്ടർമാരെ ചുമതല പ്പെടുത്തിക്കൊണ്ട് എതിർപ്പുകൾക്ക് ഏറെ ക്കുറെ പരിഹാരം കാണാൻ സാധിച്ചിട്ടുണ്ട്. |
| (സി) ദേശീയ ജലപാതയുടെ ഭാഗമായ ആലപ്പുഴ - കായംകുളം മേഖലയിലെ ക്യാപ്പിറ്റൽ ഡ്രെഡ്ജിംഗ്, കായംകുളം - ഇടപ്പള്ളിക്കോട്ട സ്ട്രെച്ചിൽ എന്നീ പ്രവർത്തികൾ നിശ്ചയിച്ച സമയത്തു തന്നെ പൂർത്തീകരിക്കാൻ കഴിയുമോ എന്ന് വ്യക്തമാക്കുമോ ; | : | (സി) 2013 ജനുവരിയോടെ പൂർത്തീകരിക്കാ നാകുമെന്ന് കേന്ദ്ര സർക്കാർ സ്ഥാപനമായ ഇൻലാന്റ് വാട്ടർവേയ്സ് അതോറിറ്റി ഓഫ് ഇന്ത്യ അറിയിച്ചിട്ടുണ്ട്. |
| (ഡി) സർക്കാരിന്റെ ഒരു വർഷത്തെ പരിപാടിയിൽ ഉൾപ്പെടുത്തി ജലപാത നിർമ്മാണം ത്വരിതപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ? | : | (ഡി) ദേശീയ ജലപാത വികസനം കേന്ദ്ര സർക്കാർ നേരിട്ട് നടത്തുന്നതിനാൽ കേരള സർക്കരിന്റെ ഒരു വർഷത്തെ പരിപാടിയിൽ ഉൾപ്പെടുത്താൻ കഴിയുന്നില്ല. |

സെക്ഷൻ ഓഫീസർ